# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2023

11.02.2020 ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി പ്രദേശത്തെ അപകടങ്ങൾ

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ പുതിയകാവ്, പുത്തൻതെരുവ്, വവ്വാക്കാവ് എന്നീ സ്ഥലങ്ങളിൽ നിരന്തരമുണ്ടാകുന്ന അപകടങ്ങളും കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിനുള്ള ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ തിരക്കേറിയ സമയങ്ങളിൽ ഗതാഗത നിയന്ത്രണത്തിനും, കാൽനടയാത്രക്കാരെ സഹായിക്കുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥരെയും, ഹോം ഗാർഡ് സേനാംഗങ്ങളെയും നിയോഗിച്ച് വരുന്നു. സേഫ് കേരള പദ്ധതിയിൽ പുതിയതായി അനുവദിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം ഈ ഭാഗങ്ങളിൽ ശക്തമാക്കിയിട്ടുണ്ട്. |
| (ബി) | ഇവിടെ സുരക്ഷിതമായ ഗതാഗതം ഉറപ്പാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും ഹോംഗാർഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഹോം ഗാർഡുകളെ ഡ്യൂട്ടിക്കായി നിയോഗിച്ച് വരുന്നുണ്ട്. |
| (സി) | ദേശീയപാതയിലെ ഏറ്റവും തിരക്ക് പിടിച്ച പ്രദേശങ്ങളിൽ ട്രാഫിക് ലംഘനവും അമിതവേഗവും നിയന്ത്രിക്കുന്നതിനായി ക്യാമറ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പോലീസ് പട്രോളിംഗ് ശക്തമാക്കുമോ; വിശദീകരിക്കുമോ? | (സി) | ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തിരക്കേറിയ സമയങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയും, നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും, പൊതുജനങ്ങളെ ബോധവൽക്കരണം നടത്തിയും, അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ